# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4250** — **24/10/2016-ൽ മറുപടിക്ക്**

## ജൻ ഔഷധി പദ്ധതി

**ചോദ്യം**

**ശ്രീ.പി.ടി.എ. റഹീം**

**മറുപടി**

**ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**
(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി)

എ) കേന്ദ്ര സർക്കാരിന്റെ ഫാർമസ്യൂട്ടിക്കൽ ഡിപ്പാർട്ട്മെന്റിന് കീഴിൽ ആവിഷ്കരിച്ച ജൻ ഔഷധി പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ;

ബി) മിതമായ നിരക്കിൽ സാധാരണക്കാർക്ക് മരുന്നുകൾ ലഭ്യമാക്കുന്നതിന് ഈ പദ്ധതി എത്രത്തോളം പ്രയോജനപ്രദമാണ് എന്നത് പരിശോധിച്ചിട്ടുണ്ടോ;

എ) യും ബി) യും പൊതുജനങ്ങൾക്ക് ഗുണനിലവാരമുള്ള ജനറിക് മരുന്നുകൾ (ഔഷധനാമത്തിൽ ഉല്പാദിപ്പിക്കപ്പെടുന്ന മരുന്നുകൾ) ന്യായ വിലയ്ക്ക് ലഭ്യമാക്കുന്നതിനും ബ്രാന്റ് നാമത്തിൽ വിലകൂട്ടി മരുന്നു വില്ക്കുന്ന കമ്പനികളുടെ ചൂഷണം അവസാനിപ്പിക്കുന്നതിനും വേണ്ടി കേന്ദ്രസർക്കാർ 2008 ൽ ആരംഭിച്ച പദ്ധതിയാണ് ജൻഔഷധി സ്റ്റോറുകൾ. തുടർന്ന് പ്രധാനമന്ത്രി ജൻ ഔഷധി യോജന (PMJY) എന്ന് നാമകരണം ചെയ്യപ്പെട്ട ഈ പദ്ധതി തുടങ്ങുന്നതിനായി കേന്ദ്ര രാസവസ്തു വളം വകുപ്പിന്റെ കീഴിലുള്ള ഫാർമസ്യൂട്ടിക്കൽ ഡിപ്പാർട്ട്മെന്റിന്റെ ചുമതലയിൽ ബ്യൂറോ ഓഫ് ഫാർമ പബ്ലിക് സെക്ടർ അണ്ടർടേക്കിംഗ് (BPPI) എന്ന ഏജൻസിയെ ചുമതലപ്പെടുത്തി.

കേരളം, കർണാടകം, തമിഴ്നാട് തുടങ്ങിയ സംസ്ഥാനങ്ങളിൽ 1500 ജൻഔഷധി സ്റ്റോറുകൾ സ്വകാര്യ മേഖലയിൽ തുടങ്ങുന്നതിന് തിരുവനന്തപുരം ആസ്ഥാനമായി പ്രവർത്തിക്കുന്ന ഭാരത് സേവക് സമാജിന്റെ നിയന്ത്രണത്തിലുള്ള ആരോഗ്യ മിഷൻ എന്ന സ്ഥാപനവും BPPI യുമായും ധാരണയിലെത്തിയിരുന്നു. സംസ്ഥാനത്തെ മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികളോടനുബന്ധിച്ചും സംസ്ഥാനത്തെ ഫാർമസി കോളേജുകളോടനുബന്ധിച്ചും 300 "ജൻ ഔഷധി സ്റ്റോറുകൾ" തുടങ്ങുന്നതിന് വേണ്ടി കേന്ദ്ര ഫാർമസ്യൂട്ടിക്കൽ ഡിപ്പാർട്ട്മെന്റിന് കീഴിലുള്ള ബ്യൂറോ ഓഫ് ഫാർമ പബ്ലിക്ക് സെക്ടർ അണ്ടർടേക്കിംഗ്സ് ഓഫ് ഇന്ത്യ (BPPI)യും സംസ്ഥാന ഫാർമസി കൗൺസിലിന്റെ

➡

നിയന്ത്രണത്തിലുള്ള "ഫാർമസ്യൂട്ടിക്കൽ സൊസൈറ്റി ഓഫ് കേരള"യുമായി ധാരണാപത്രം കൈമാറിയിട്ടുണ്ട്. 2016, 2017, 2018 വർഷങ്ങളിൽ 100 വീതം ജൻഔഷധി സ്റ്റോറുകൾ തുടങ്ങുമെന്നാണ് ധാരണയിലെത്തിയിരിക്കുന്നത്.

കേന്ദ്ര പൊതുമേഖലാ മരുന്നുകമ്പനികളിൽ ഉൽപാദിപ്പിക്കപ്പെടുന്ന മരുന്നുകൾ മിതമായ വിലയ്ക്ക് ജനങ്ങൾക്ക് ലഭ്യമാക്കാൻ ഉതകുന്ന ഈ പദ്ധതി ജനങ്ങൾക്ക് ഏറെ ആശ്വാസകരമാണ്. സർക്കാർ കമ്പനികൾ തന്നെ ഇത് ഉല്പാദിപ്പിക്കുന്നു എന്നതിനാൽ ഗുണനിലവാരം ഉള്ളതായിരിക്കും എന്നു ഉറപ്പു വരുത്താവുന്നതുമാണ്.

| | | | |
|---|---|---|---|
| സി) | കോഴിക്കോട് മെഡിക്കൽ കോളേജിന് കീഴിലുള്ള ചെറൂപ്പ എം.സി.എച്ച്. യൂണിറ്റിൽ ജൻ ഔഷധി ഫാർമസി ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ? | സി) | കോഴിക്കോട് മെഡിക്കൽ കോളേജ് പ്രിൻസിപ്പലിന്റെ അധ്യക്ഷതയിൽ സ്ഥലം എം.എൽ.എ.യും പങ്കെടുത്ത മീറ്റിംഗിൽ ജൻ ഔഷധി ഫാർമസി ആരംഭിക്കണമെന്ന ചർച്ച നടത്തിയിട്ടുണ്ട്. ചെറൂപ്പ മെഡിക്കൽ ഓഫീസർ ഇൻ ചാർജ്ജിന്റെ അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**